# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3721 — 26.06.2012-ൽ മറുപടിക്ക്

### കാർഷിക വായ്പകൾ

**ചോദ്യം** — **മറുപടി**

ശ്രീ. ജി. എസ്. ജയലാൽ :

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

(എ) പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ കാർഷിക ആവശ്യത്തിലേക്കായി പലിശരഹിത വായ്പയോ നാമമാത്ര പലിശാ വായ്പയോ നൽകണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(എ) കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണ മേഖല വഴി ആവശ്യമായ കാർഷിക വായ്പകൾ കുറഞ്ഞ പലിശ നിരക്കിലും, സുഗമമായും വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ നിലവിൽ പ്രാബല്യത്തിലുണ്ട്. നെൽകൃഷിക്ക് പരിധി കണക്കിലെടുക്കാതെ സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി പലിശ രഹിത വായ്പ അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. അതോടൊപ്പം 2011-2012 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ വായ്പയെടുക്കുന്ന കൃഷിക്കാരെയും വായ്പ നൽകുന്ന സ്ഥാപനങ്ങളെയും ഒരേസമയം സംരക്ഷിക്കുന്നതിന് കൃത്യമായി തിരിച്ചടയ്ക്കുന്നവർക്കായി ഒരു ഉത്തേജക പലിശയിളവ് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ആയത് പ്രകാരം സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുക്കുന്ന ഏതൊരാൾക്കും പ്രസ്തുത വായ്പ തുക കൃത്യ തീയതിയിൽ തിരിച്ചടയ്ക്കുന്ന പക്ഷം 5% പലിശയിളവ് നൽകുന്ന പദ്ധതി നിലവിൽ വന്നിട്ടുണ്ട്.

കൂടാതെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള ഹ്രസ്വകാല കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് കേന്ദ്ര സർക്കാരിന്റെ 3% പലിശ സബ്‌വെൻഷൻ കഴിച്ച് ബാക്കി വരുന്ന പലിശ തുക, സംഘങ്ങൾക്ക് റീ-ഇംപേഴ്സ് ചെയ്ത് നൽകുന്നതിനുള്ള പദ്ധതി സർക്കാർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 2012-2013 വർഷത്തിൽ സർക്കാർ നൽകിയ ഒരു കോടി രൂപ കഴിച്ച് ബാക്കി 31 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത വായ്പകൾ ഭൂരിഭാഗം ബാങ്കുകളും നൽകുവാൻ വിമുഖത കാണിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ വിലയിരുത്തുന്നതിലേക്ക് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | (ബി) | കാർഷിക വായ്പ സഹകരണ സംഘങ്ങൾ പരമാവധി കാർഷിക വായ്പകൾ നൽകാൻ നിർദ്ദേശം സഹകരണ സംഘം രജിസ്ട്രാർ നൽകിയിട്ടുണ്ട്. കാർഷിക വായ്പാ വിതരണം നടത്താത്ത സംഘങ്ങളുടെ വിശദീകരണം തേടുകയും വീഴ്ച വരുത്തിയ സംഘങ്ങളെ കാർഷികേതര വായ്പാ സംഘങ്ങളായി മാറ്റുകയും ചെയ്യുന്നുണ്ട്. കൂടാതെ സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ സ്വാശ്രയ ഗ്രൂപ്പുകൾ രൂപീകരിക്കുകയും ഈ മേഖലയിൽ ടി ഗ്രൂപ്പുകൾ കാര്യമായി ഇടപെടുകയും ചെയ്യുന്നുണ്ട്. കാർഷിക വായ്പകൾ വിതരണം ചെയ്യാൻ കഴിയാത്ത സർവ്വീസ് സഹകരണ ബാങ്കുകളുടെ പ്രവർത്തന പരിധിയിൽ കൃഷിക്കാർക്ക് നേരിട്ട് കാർഷിക വായ്പ നൽകുന്നതിനായി ജില്ലാ സഹകരണ ബാങ്കുകളുടെ ശാഖകൾ ആരംഭിയ്ക്കുകയും, കാർഷിക വായ്പവിതരണം ചെയ്യാത്ത പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ച് കാർഷികേതര വായ്പ സംഘങ്ങളാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നതിലൂടെ കാർഷിക വായ്പാ മേഖല ചലനാത്മകമാകുകയും, കൃഷിക്കാരന് യഥാസമയം ന്യായമായ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുവാനും കാർഷിക വായ്പകൾ കാർഷിക ആവശ്യത്തിന് തന്നെ ഉപയോഗിക്കുകയും ചെയ്യുന്നു എന്ന് ഉറപ്പാക്കുകയും ചെയ്തു വരുന്നു. |
| (സി) | മേൽപ്പറഞ്ഞ തരം വായ്പകൾ അനുവദിക്കുന്നതിന് സ്വീകരിച്ച് വരുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശം വെളിവാക്കുമോ? | (സി) | ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിക്കുന്ന സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായാണ് സഹകരണ സംഘങ്ങൾ/ബാങ്കുകൾ വായ്പ നൽകി വരുന്നത്. ഓരോ വർഷവും ജില്ലാതല ടെക്നിക്കൽ കമ്മിറ്റി കൂടി വായ്പാ തുക കാലാനുസൃതമായി പരിഷ്കരിയ്ക്കാറുണ്ട്. നബാർഡ് റീഫൈനാൻസ് ലഭ്യമാകുന്ന ഒരു വർഷ കാലാവധിയുള്ള ഹ്രസ്വകാല കാർഷിക വിള വായ്പക്കാരുടെയും പരിധി സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി 10 ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുണ്ട്. കൂടാതെ, നെൽകൃഷിയ്ക്ക് പരിധിയില്ലാതെ പലിശ രഹിത വായ്പയും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ